# കേരള സർവകലാശാല

നം. പി.ആർ.041/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബജറ്റ് പാസ്സാക്കി

കേരള സർവകലാശാലയുടെ 2017-18 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ഇന്നുചേർന്ന സെനറ്റ് യോഗത്തിൽ വിശദമായ ചർച്ചകൾക്കുശേഷം ചില ഭേദഗതികളോടെ പാസ്സാക്കി.

### 'ഭാഷയ്ക്കൊരുഡോളർ' പുരസ്കാരത്തിന് പ്രബന്ധങ്ങൾ ക്ഷണിച്ചു

സംസ്ഥാനത്തെ സർവകലാശാലകളിലെ മലയാളത്തിലെ ഏറ്റവും മികച്ച പി.എച്ച്.ഡി പ്രബന്ധത്തിന് കേരള സർവകലാശാല അമേരിക്കൻ മലയാളി സംഘടനകളുടെ ഫെഡറേഷനായ 'ഫൊക്കാന'യുമായി ചേർന്ന് നൽകുന്ന 'ഭാഷയ്ക്കൊരുഡോളർ' പുരസ്കാരത്തിന് എൻട്രികൾ ക്ഷണിച്ചു.

കേരളപ്പിറവി സുവർണ്ണജൂബിലിയോടനുബന്ധിച്ച് ഫൊക്കാനയുടെ 'ഭാഷയ്ക്കൊരുഡോളർ' പദ്ധതിയുമായി ചേർന്ന് 50,000/- രൂപയും പ്രശസ്തി പത്രവുമടങ്ങിയ പുരസ്കാരം 2007-ലാണ് കേരള സർവകലാശാല ഏർപ്പെടുത്തിയത്.

2014 ഡിസംബർ ഒന്ന് മുതൽ 2015 നവംബർ 30 വരെ കേരളത്തിലെ സർവകലാശാലകളിൽ നിന്നും മലയാളത്തിൽ പി.എച്ച്.ഡി ലഭിച്ചവർക്ക് പ്രബന്ധം അവാർഡിനായി സമർപ്പിക്കാം.

പ്രബന്ധം അയയ്ക്കുന്നവർ ഒപ്പം അതിന്റെ സി.ഡിയും, സ്വന്തം ബയോഡേറ്റയും, പി.എച്ച്.ഡി വിജ്ഞാപനത്തിന്റെ/ സർട്ടിഫിക്കറ്റിന്റെ പകർപ്പും, പ്രബന്ധത്തിന്റെ പ്രസിദ്ധീകരണ അവകാശം കേരള സർവകലാശാലക്ക് നൽകുന്ന സമ്മതപത്രവും സമർപ്പിക്കണം. പ്രബന്ധം തിരികെ ലഭിക്കാൻ മതിയായ സ്റ്റാമ്പ് ഒട്ടിച്ച കവർകൂടി വയ്ക്കണം.

മാർച്ച് 10-നകം പബ്ലിക് റിലേഷൻസ് ഓഫീസർ, കേരള സർവകലാശാല, പാളയം, തിരുവനന്തപുരം - 695 034 എന്ന വിലാസത്തിൽ എൻട്രികൾ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0471-2386227, 2386385, 9447577612.

### തൊഴിൽമേഖലയിൽ സൗജന്യ പരിശീലനം

കേരള സർവകലാശാല ഗാന്ധിയൻ പഠനകേന്ദ്രവും നാഷണൽ സർവ്വീസ് സ്കീമും സംയുക്തമായി വിവിധതരം തൊഴിൽമേഖലയിൽ മാർച്ച് ഒന്ന് മുതൽ 27 വരെ സൗജന്യ പരിശീലനം നൽകുന്നു. കേക്ക് നിർമ്മാണം, കുട നിർമ്മാണം, എൽ.ഇ.ഡി. ബൾബ്ബ് നിർമ്മാണം, സോപ്പുൽപന്ന നിർമ്മാണം, ആഭരണ നിർമ്മാണം, റക്സിൻബാഗ് നിർമ്മാണം, മെഴുകുതിരി, ചന്ദനത്തിരി നിർമ്മാണം, സ്ക്രീൻപ്രിന്റിംഗ് എന്നിവയിലാണ് പരിശീലനം. പരിശീലനം പൂർത്തിയാക്കുന്നവർക്ക് കേരള സർവകലാശാല ഗാന്ധിയൻ പഠനകേന്ദ്രം സർട്ടിഫിക്കറ്റ് നൽകും. പരിശീലനകേന്ദ്രം പി.എം.ജി-യിലുള്ള സ്റ്റുഡന്റ്സ് സെന്ററിലായിരിക്കും. സമയം രാവിലെ 10 മുതൽ നാല് വരെ. താൽപര്യമുള്ളവർ ഗാന്ധിയൻ പഠനകേന്ദ്രത്തിലോ 0471-2305663, 9446430831 എന്ന നമ്പറുകളിലോ ബന്ധപ്പെടുക.

## ഇ-ഗ്രാന്റ്സ് മാർച്ച് 10-നകം പുതുക്കണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിലെ മൂന്നാം വർഷ ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ്/ ബി.സിഎ/ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് വിദ്യാർത്ഥികളിൽ എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗത്തിൽപ്പെട്ടവർ ഇ-ഗ്രാന്റ്സ് പുതുക്കുന്നതിനായുള്ള അപേക്ഷ മാർച്ച് 10-നകം പാളയം വിദൂരവിദ്യാഭ്യാസ വിഭാഗത്തിന്റെ ഓഫീസിൽ നൽകണം.

## യോഗാ പരിശീലന പരിപാടി

കേരള സർവകലാശാല ഫിസിക്കൽ എഡ്യൂക്കേഷൻ പഠന വകുപ്പിന്റെ ആഭി മുഖ്യത്തിൽ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലെ ജി.വി. രാജാ പവലിയനിൽ പൊതുജനങ്ങൾക്കായി നടത്തുന്ന യോഗാ പരിശീലന പരിപാടിയിലെ മാർച്ചിലെ രജിസ്ട്രേഷൻ ആരംഭിച്ചു. രാവിലെയും വൈകുന്നേരവുമായി നട ക്കുന്ന യോഗാപരിശീലനത്തിനായുള്ള രജിസ്ട്രേഷൻ ഫോമുകൾ യൂണിവേ ഴ്സിറ്റി സ്റ്റേഡിയത്തിലെ ജി.വി. രാജാ പവലിയനിൽ പ്രവർത്തിക്കുന്ന ഫിസി ക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഓഫീസിൽ നിന്നും ഓഫീസ് പ്രവർത്തന സമയങ്ങളിൽ ലഭിക്കും.

## പി.എച്ച്.ഡി കോഴ്സ് വർക്ക് : പുനപരിശോധന

കേരള സർവകലാശാല ഡിസംബറിൽ നടത്തിയ പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷയുടെ പുനപരിശോധനയ്ക്ക് മാർച്ച് ആറ് വരെ അപേക്ഷിക്കാം. പൂരിപ്പിച്ച അപേക്ഷകൾ ഓരോ പേപ്പറിന് 500/- രൂപ ഫീസ് അടച്ച് സി.എസ്.എസ്. ഓഫീസിൽ എത്തിക്കണം.

## എം.സി.എ ഫലം

കേരള സർവകലാശാല നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.സി.എ, (റഗുലർ & സപ്ലിമെന്ററി - 2011 സ്കീം), (സപ്ലിമെന്ററി - 2006 സ്കീം) പരീക്ഷഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എഡ് ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എഡ് (സ്പെഷ്യൽ എഡ്യൂക്കേഷൻ (ഐ.ഡി) - (2015-17 ബാച്ച്) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 10 വരെ അപേക്ഷിക്കാം.

## ബി.എസ്‌സി പ്രാക്ടിക്കൽ

കേരള സർവകലാശാല നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബിഎസ്‌സി ഇലക്ട്രോണിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് ഒന്നിന് തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്‌സി ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്‌സി (സപ്ലിമെന്ററി - 2013 അഡ്മിഷന് മുമ്പുള്ളത്) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ചെക്ക് കൈപറ്റണം.

കേരള സർവകലാശാല 2015 ജൂലൈയിൽ നടത്തിയ രണ്ട്, നാല് സെമസ്റ്റർ എം.എ/ എം.എസ്സി/ എം.കോം/ എം.എസ്.ഡബ്ല്യു പരീക്ഷകളുടെ മൂല്യനിർണ്ണയത്തിന് കൊല്ലം എസ്.എൻ. കോളേജിൽ ഹാജരായിട്ടുള്ള അദ്ധ്യാപകർക്കുള്ള ചെക്ക് ഫെബ്രുവരി 23, 25 തീയതികളിൽ കൊല്ലം എസ്.എൻ. കോളേജിൽ നിന്നും കൈപറ്റണം..

തിരുവനന്തപുരം.
22.02.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**